# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 926 — 30/01/2019-ലെ മറുപടി

## മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. പാറയ്ക്കൽ അബ്ദുല്ല | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിനായി കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 5.65 കോടി രൂപ ചെലവഴിക്കുകയുണ്ടായോ; | എ | 2009 - മുതൽ 2018 വരെയുള്ള കാലയളവിൽ മുല്ലപ്പെരിയാർ കേസിന്റെ നടത്തിപ്പിനായി ആകെ 5,62,42,049/- രൂപ ചെലവഴിക്കുകയുണ്ടായി. |
| ബി) ഇതിൽ 4.31 കോടി രൂപ സർക്കാരിന വേണ്ടി സുപ്രീം കോടതിയിൽ ഹാജരായ അഭിഭാഷകർക്ക് ഫീസ് ഇനത്തിൽ നൽകിയതാണോ ; | ബി | അതെ |
| സി) ഇത്രയും തുക ചെലവാക്കിയിട്ടും 118 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന് ബലക്ഷയമുണ്ടെന്ന് തെളിയിക്കാനോ നിലവിലെ അണക്കെട്ട് അപകടാവസ്ഥയിലാണെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്താനോ സർക്കാരിനം സർക്കാരിന വേണ്ടി ഹാജരായ അഭിഭാഷകർക്കും കഴിയാത്ത സാഹചര്യമുണ്ടോ; | സി | മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിൽ ഉണ്ടായിരുന്ന കേസിൽ കേരളത്തിന വേണ്ടി വാദിക്കുന്നതിന് സമർത്ഥരായ അഡ്വക്കേറ്റ്മാരെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. നിയമ നിർമ്മാണത്തിന്റെ ഭരണഘടനാ സാധുത (Constitutional validity of legislation), ജുഡീഷ്യറിയുടെ അധികാരത്തിനുമേലുള്ള കടന്നുകയറ്റം (usurpation of judicial power), അധികാര വിഭജന സിദ്ധാന്തം (Doctrine of separation of powers) എന്നിവയായിരുന്നു സുപ്രീം കോടതി പ്രധാന വിഷയങ്ങളായി പരിഗണിച്ചത്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്താമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശത്തെ നിയമനിർമ്മാണം വഴി കേരള നിയമസഭയ്ക്ക് മറികടക്കാനാകില്ല എന്നതിനാൽ, 2006-ൽ കേരള നിയമസഭ പാസ്സാക്കിയ ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം ഭരണഘടനാവിരുദ്ധം ആണെന്ന് സുപ്രീം കോടതി വിധിച്ചു.<br>ബഹു. സുപ്രീം കോടതി ഈ കേസുമായി ബന്ധപ്പെട്ട് നിയോഗിച്ച എംപവേർഡ് കമ്മറ്റിയുടെ |

കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നത്.

2006-ലെ വിധിന്യായത്തിൽ നിന്നും വിഭിന്നമായി 2014-ലെ വിധിന്യായത്തിൽ മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്ന് കോടതി വിധി പുറപ്പെടുവിച്ചെങ്കിൽ കൂടി അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റിയുള്ള കേരളത്തിന്റെ ഉത്കണ്ഠ കണക്കിലെടുത്ത്, കേരളത്തിനു കൂടി പങ്കാളിത്തമുള്ള ഒരു മൂന്നംഗ സൂപ്പർവൈസറി കമ്മിറ്റിയെ, അണക്കെട്ടിന്റെ സുരക്ഷിതത്വം കാലാകാലം വിലയിരുത്തുന്നതിനായി ബഹു. സുപ്രീം കോടതി നിയോഗിച്ചിട്ടുണ്ട്. അതിനാൽ അണക്കെട്ടിന്റെ പരിശോധനാ പ്രവർത്തനങ്ങളിൽ കേരളത്തിനും പങ്കാളിത്തം ലഭിച്ചു.

ഡി) അതു കൊണ്ടു തന്നെ അപകടാവസ്ഥയിലുള്ള അണക്കെട്ട് സ്വന്തം ചെലവിൽ പുതുക്കിപ്പണിയാൻ സംസ്ഥാനം സന്നദ്ധത പ്രകടിപ്പിച്ചിട്ടും കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ?

ഡി 2014 മെയ് 7-ലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായം അനുസരിച്ച് പുതിയ അണക്കെട്ടിനെ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ സൗഹാർദപരമായ ഒരു പ്രതിവിധി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ രണ്ട് കക്ഷികൾക്കും കോടതിയെ സമീപിക്കാനുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. 2014 മെയ് 7-ലെ ബഹു. സുപ്രീം കൊടതി വിധി പ്രകാരം പുതിയ അണക്കെട്ട് പണിയണമെന്ന കേരളത്തിന്റെ നിർദ്ദേശത്തിനുമേൽ പ്രാഥമിക നടപടി എന്ന നിലയ്ക്ക് പാരിസ്ഥിതികാഘാത പഠനത്തിനുള്ള (Environmental Impact Assessment Study) വിവരശേഖരണത്തിനോ, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനോ കോടതി, വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനു മുന്നോടിയായി, അവശ്യം വേണ്ട ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. 2018 നവംബർ 14–നു കേന്ദ്ര പരിസ്ഥിതിയും, വനവും, കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയം പുതിയ അണക്കെട്ടിനു വേണ്ടിയുള്ള പാരിസ്ഥിതികാഘാത പഠനത്തിനുള്ള പരിശോധനാവിഷയങ്ങൾക്ക് (Terms of Reference) അംഗീകാരം നൽകി. പാരിസ്ഥിതികാഘാത പഠനവുമായി മുന്നോട്ടു പോകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ